(സി) സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവർത്തനത്തിന് നൽകി വരുന്ന ഗ്രാന്റ് നടപ്പുവർഷം ഓരോ ജില്ലയിലും എത്ര സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവെന്നും ഈയിനത്തിൽ എന്തു തുക കുടിശ്ശികയായി അവശേഷിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ഡി) അനാഥാലയങ്ങളുടെ ഓഡിറ്റ് നടത്തുന്നതിന് വേണ്ടി ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെടുന്ന "ഓഡിറ്റ് ചാർജ്ജ്" നൽകുന്നതിൽ നിന്ന് അനാഥാലയങ്ങളെ ഒഴിവാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 615 സ്ഥാപനങ്ങൾ

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) നടപ്പു വർഷം (1999-2000) അനാഥാലയങ്ങൾക്ക് ഗ്രാന്റിനുള്ള അപേക്ഷകൾ ലഭിച്ചു വരുന്നതേയുള്ളു. അപേക്ഷയുടെ അടിസ്ഥാനത്തിൽ, സ്ഥാനം നേരിട്ട് പരിശോധിച്ചശേഷം മാത്രമേ നടപ്പുവർഷത്തെ ഗ്രാന്റ് വിതരണം നടത്തുകയുള്ളു. അതുവരെ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മുൻവർഷം അനുവദിച്ച ഗ്രാന്റിന്റെ 50% അഡ്വാൻസ് ഗ്രാന്റാക്കി നൽകി വരുന്നു. ഫൈനൽ ഗ്രാന്റ് നൽകിക്കഴിഞ്ഞാൽ മാത്രമേ കുടിശ്ശിക ഗ്രാന്റ് കണക്കാക്കാനാവുകയുള്ളൂ. കഴിഞ്ഞവർഷങ്ങളിൽ ഗ്രാന്റ് കുടിശ്ശികയില്ല.

(ഡി) സർക്കാർ നൽകുന്ന ഗ്രാന്റ് തുകയ്ക്ക് ആഡിറ്റ് ചാർജ്ജ് വസൂലാക്കുന്നതിൽ നിന്നും അനാഥാലയങ്ങളെ ഒഴിവാക്കണമെന്ന് ചില സ്ഥാപനങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്.

45 (547) വാർദ്ധക്യ കാല പെൻഷൻ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യ കാല പെൻഷൻ അനുവദിച്ചു നല്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പെൻഷൻ പദ്ധതിക്ക് 1998-99-ൽ എന്തു തുക നീക്കി വെച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അതിൽ കേന്ദ്ര വിഹിതമെത്രയാണ്;

(ഡി) എത്ര രൂപാ ഈ ഇനത്തിൽ ചെലവഴിച്ചു;

(ഇ) 1998-99 വർഷത്തിൽ എത്ര പേർക്ക് പെൻഷൻ പുതുതായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാർദ്ധക്യകാല പെൻഷൻ അനുവദിച്ചു നല്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) മൊത്തം 2174.43 ലക്ഷം രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നു. ഇതിൽ 1603.38 ലക്ഷം രൂപ കേന്ദ്ര വിഹിതവും 571.05 ലക്ഷം രൂപാ സംസ്ഥാന വിഹിതവുമാണ്.

(ഡി) 98-99-ൽ 17,16,62,810/- രൂപ ചെലവഴിച്ചു.

(ഇ) 21470 പേർക്ക് പുതിയതായി പെൻഷൻ അനുവദിച്ചു.

46 (548) ശിശുക്ഷേമ സമിതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ശിശുക്ഷേമ സമിതിയിൽ ആകെ എത്ര പേരുണ്ട്;

(ബി) സമിതി ഭാരവാഹികളുടെ വിവിധ ഇനത്തിലുള്ള വേതനം എത്രയാണ് ഇതുവരെ ഇവർ ഓരോരുത്തരും എന്തു തുക യാത്രപ്പടി ഇനത്തിൽ വാങ്ങിയിട്ടുണ്ട്;

(സി) എത്ര ഭാരവാഹികൾക്ക് ടെലഫോൺ നൽകിയിട്ടുണ്ട്; അവർക്കായി ഇതുവരെ എന്തു തുക ടെലിഫോൺ വാടകയിനത്തിൽ ചെലവായിട്ടുണ്ട്;

(ഡി) തെരുവുശിശുക്കളെ പുനരധിവസിപ്പിക്കാനുള്ള എന്തൊക്കെ നടപടികൾ സമിതി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശിശുക്ഷേമ സമിതിയിൽ ഇപ്പോൾ 324 അംഗങ്ങൾ ഉണ്ട്.

(ബി) സമിതി ഭാരവാഹികൾക്ക് വേതനം ഇല്ല. യാത്രാപ്പടിയും നിശ്ചയിച്ചിട്ടില്ല. യാത്രയ്ക്കുള്ള യാഥാർത്ഥ ചെലവുകൾ മാത്രമേ സമിതിയിൽ നിന്നും നൽകുന്നുള്ളു.

(സി) ജനറൽ സെക്രട്ടറിക്ക് മാത്രം ആഫീസ് ഫോൺ നൽകിയിട്ടുണ്ട്. ഭാരവാഹികൾക്ക് ടെലഫോൺ അനുവദിച്ചിട്ടില്ല. അതിനാൽ ഈ ഇനത്തിൽ പ്രത്യേക ചെലവ് ഉണ്ടായിട്ടില്ല.

(ഡി) തെരുവു ശിശുക്കളെയും അനാഥകുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനായി ഡെസ്റ്റിറ്റ്യൂട്ട് ചിൽഡ്രൻസ് വില്ലേജുകൾ സ്ഥാപിക്കാൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറായി വരുന്നു.

47 (549) പണിയെടുത്തു ജീവിക്കുന്ന കുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും പട്ടണങ്ങളിലും പണിയെടുത്തു ജീവിക്കുന്ന കുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ നിർമ്മിക്കാനും അവർക്ക് ഔപചാരിക വിദ്യാഭ്യാസം നൽകാനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) തിരുവനന്തപുരത്ത് ഇപ്രകാരം എത്ര കുട്ടികൾ പണയെടുത്തു ജീവിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly